**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - എറണാകുളം ജില്ലയിലെ തദ്ദേശ സ്ഥാപനങ്ങൾ വിവിധ വർഷങ്ങളിലായി വാങ്ങിയ കാർഷികോപകരണങ്ങൾ അറ്റകുറ്റപ്പണി ചെയ്യുന്നതിന് പദ്ധതികൾ രൂപീകരിക്കുന്നതിന് ജില്ലയിലെ തദ്ദേശ സ്ഥാപനങ്ങൾക്ക് പ്രത്യേകാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.1419/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 29/07/2020

---

പരാമർശം:- 1 എറണാകുളം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 26.07.2019-ലെ കത്ത്.

2 എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 30.11.2019-ലെ 61139/18/DPC/DPO/EKM നമ്പർ കത്ത്.

3 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 27.05.2020-ൽ നടന്ന യോഗത്തിന്റെ തീരുമാനം 4.19.

**ഉത്തരവ്**

എറണാകുളം ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വിവിധ വാർഷിക പദ്ധതികളിലായി നിരവധി കാർഷികോപകരണങ്ങൾ വാങ്ങി പാടശേഖര സമിതികൾ, പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ, കാർഷിക കർമ്മസേനകൾ മറ്റ് കർഷക ഗ്രൂപ്പുകൾ തുടങ്ങിയവക്ക് നൽകിയിരിക്കുന്നതിൽ ഭൂരിഭാഗം ഉപകരണങ്ങളും പ്രവർത്തനക്ഷമമല്ലായെന്നും മാർഗ്ഗരേഖപ്രകാരം തദ്ദേശസ്ഥാപനങ്ങൾ വാങ്ങി നൽകിയ ഉപകരണങ്ങളുടെ സംരക്ഷണം, അറ്റകുറ്റപ്പണി എന്നിവ അവ ഏറ്റെടുക്കുന്ന സമിതികൾ തന്നെയാണ് നിർവ്വഹിക്കേണ്ടത് എന്നും എന്നാൽ ഭൂരിഭാഗം സമിതികൾക്കും പ്രവർത്തന ഫണ്ട് ഇല്ലാത്തതിനാൽ അറ്റകുറ്റപ്പണികൾ നടത്താതെ ഉപകരണങ്ങൾ നശിച്ചുപോകുന്നത് കൊണ്ട് മേൽ കാർഷിക ഉപകരണങ്ങൾ അറ്റകുറ്റപ്പണി നടത്തി പ്രവർത്തന ക്ഷമമാക്കുന്നതിനുള്ള പദ്ധതികൾ രൂപീകരിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവാദം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് എറണാകുളം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പരാമർശം (1) പ്രകാരം അപേക്ഷ നൽകുകയുണ്ടായി. ഇതേ ആവശ്യം ഉന്നയിച്ചു കൊണ്ട് എറണാകുളം ജില്ലാ ആസൂത്രണ സമിതിയും പരാമർശം (2) പ്രകാരം സർക്കാരിലേക്ക് അപേക്ഷ നൽകിയിരുന്നു.

2. സർക്കാർ ഇക്കാര്യം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയിൽ വിശദമായി പരിശോധിക്കുകയും . മേൽ യോഗത്തിലെ പരാമർശം (3) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ എറണാകുളം ജില്ലയിലെ തദ്ദേശ

സ്വയംഭരണ സ്ഥാപനങ്ങൾ വാർഷിക പദ്ധതികളില്ലൾപ്പെടുത്തി പാടശേഖര സമിതികൾ, പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ, കാർഷിക കർമ്മസേനകൾ മറ്റ് കർഷക ഗ്രൂപ്പുകൾ തുടങ്ങിയവക്ക് വാങ്ങി, നൽകിയിരിക്കുന്ന കാർഷികോപകരണങ്ങൾ അറ്റകുറ്റപ്പണി നടത്തി പ്രവർത്തനക്ഷമമാക്കുന്നതിനു കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ മുഖേന മാത്രം റിപ്പയറിംഗ് ചെയ്യണമെന്ന നിബന്ധനയോടെ, പ്രത്യേകാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പാറ്റ്സി സ്റ്റീഫന്**
**ജോയിന്റ് സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ.
നഗരകാര്യ ഡയറക്ടർ.
ഗ്രാമ വികസന കമ്മീഷണർ.
അധ്യക്ഷൻ, എറണാകുളം ജില്ലാ ആസൂത്രണ സമിതി.
മെമ്പർ സെക്രട്ടറി, എറണാകുളം ജില്ലാ ആസൂത്രണ സമിതി.
ജില്ലാ പ്ലാനിംഗ് ഓഫീസർ, എറണാകുളം.
പ്രസിഡന്റ് സെക്രട്ടറി, എറണാകുളം ജില്ലാ പഞ്ചായത്ത് .
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
വിവരപൊതുജന സമ്പർക്ക(വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signature Not Verified
Digitally signed by SURESH KUMAR K
Date: 2020.08.03 11:51:58 IST
Reason: Approved
സെക്ഷൻ ഓഫീസർ